A DESCRIPTIVE CATALOGUE

OF THE

MALAYALAM MANUSCRIPTS

IN THE

GOVERNMENT ORIENTAL MANUSCRIPTS
LIBRARY, MADRAS

BY

T. CHANDRASEKHARAN, M.A., L.T.,
Curator, Government Oriental Manuscripts Library, Madras

(Prepared under the Orders of the Government of Madras)

Volume II

(Nos. 352 to 368

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1950

INTRODUCTION.

The Second Volume of the Descriptive Catalogue of Malayalam Manuscripts has been prepared on the same lines as those of the first. The numbering of these manuscripts and the pagination of this volume are in continuation of the first volume. This contains descriptive notes of the seventeen works which remained undescribed till now, and thus the Catalogue of Malayalam Manuscripts has been brought up-to-date. The works described in this volume relate to such subjects as medicine, astrology, curing of snake poison, properties of various fluids, like water, milk, honey, etc., plants and trees, worship of Vināyaka on the Caturthi day, etc.

The following few works deserve mention :

D. No. 353—SARVARŌGANIDĀNAM : This is a work in lucid Malayalam verses explaining the causes and symptoms of various diseases. The author of this complete work which is important from the point of view of medicine, is not known.

D. No. 362—YŌGASĀRAM : This is a work that exhaustively treats of the causes, symptoms, and cure of different kinds of diseases. This is in the form of Malayalam verse and prose. The author of this work remains enveloped in obscurity.

D. No. 357—JĀTAKASĀRAM : A commentary on Jātakasāra which elaborately deals with the influence of planets on many aspects of human life. Even such minor details as the effects of a particular day or star or karaṇa in which one is born, are furnished. This seems to be a very valuable astrological work. The name of the author is not known.

D. No. 358—DRAVYAGUṆASAṄGRAHAM: A description of various kinds of trees and plants, and the medicinal properties of their leaves, fruits, etc., forms the subject of this work.

This appears to be a rare and valuable work. This is the only manuscript of its kind in the Malayalam section of the Library.

D. No. 360—DRAVYAGUṆANIRṆAYA: The properties, both good and bad, of different kinds of fluids, products of sugarcane, various sorts of cereals, etc., are dealt with in this work. Written in short simple Malayalam verses, this work is of a rare type, very valuable and interesting.

This volume is complete with a list of contents and a General Index, and a Subject Index. As the name of the author is not mentioned in any of the manuscripts, no Author Index could be furnished.

T. CHANDRASEKHARAN,
Curator.

GOVERNMENT ORIENTAL MANUSCRIPTS
LIBRARY, MADRAS,
22nd September **1948.**

CONTENTS

Name of the work.	D. Number.
Viṣavaidyam	352
Sarvarōganidānam	353
Marmavibhāgam	354
Vaidyagranthạm	355
Kriyādīpika	356
Jātakasāram	357
Dravyaguṇasangraham	358
Pāṭṭuṇṇicaritam	359
Dravyaguṇanirṇayam	360
Marmacikitsa	361
Yōgasāram	362
Devatāpratiṣṭha	363
Vēttēkkarante Pūja (worship of Vēttēkkara)	364
Vināyakacaturthikalpam	365
Gaṇitam	366
Vināyakacathurthikalpam	367
Gaṇitam	368

GENERAL INDEX

(*Note*.—The names printed in italics are those of the works described.)

Name.	Page.
Bhaktarōdhacikitsa	332
Dēvatāpratiṣṭha	326
Dēvātapratiṣṭha	332
Dravyaguṇanirṇayam	324
Dravyaguṇasaṅgraham	328
Dravyaguṇanirṇayam	330
Gaṇitam	326, 327
Gaṇitam	335
Gaṇitam	338
Garaḻāmṛtam	324
Jalavargam	330
Jātakaśāram	327
Kairavagrāma	325
Kriyādīpika	326
Marmacikitsa	331
Marmacikitsa	325
Marmavibhāgam	325
Naricikitsa	324
Paninidānam	324
Pāṭṭuṇṇicaritam	329
Sarvaroganidānam	324
Tithinirnayah	337
Vaidyagrantham	326
Vēttēkarante Pūja	326
Vettēkarante Pūja	333
Vināyakacaturthi	326
Vināyakacaturthi Kalpam	334
Vināyakacaturthi Kalpam	337
Viṣavaidyam	323
Yōgasāram	331
Yōgasāram	325

SUBJECT INDEX OF MANUSCRIPTS DESCRIBED IN THIS VOLUME.

Name of work.	D. Number.
Āgama.	
Devatāpratiṣṭha	363
Vēṭṭēkarante Pūja	364
Vināyakacaturthikalpa	365, 367
Kāvyam.	
Pāttuṇṇicaritam	359
Tāntrikam.	
Kriyādīpika	356
Medicine.	
Dravyaguṇanirṇayam	360
Dravyaguṇasaṅgraham	358
Marmacikitsa	361
Marmavibhāgam	354
Sarvarōganidānam	353
Vaidyagrantham	355
Viṣavaidyam	352
Yōgasāram	362
Astrology.	
Ganitam	366, 368
Jātakasāram	357

A DESCRIPTIVE CATALOGUE
OF THE
MALAYALAM MANUSCRIPTS

D. No. 352. വിഷവൈദ്യം.

VIṢAVAIDYAM.

Substance—Paper. Size, $13\frac{1}{2}'' \times 8''$. Page 53. Lines, 26 on a page. Character—Malayalam. Condition—Good. Appearance—New.

Incomplete :

Author not known.

This work mainly deals with the methods of counteracting poisons of rats, tigers, serpents, etc. Besides it suggests ways of curing snake-bitten cows of their poison. A small portion is devoted to the ways of finding out certain information regarding the snake which has bitten a person, by observing the behaviour of the messenger who conveys the news.

Towards the end unconnected fragments of "Dhyāna" slokas and some philosophical verses are seen. This work is imperfect, having neither beginning nor end nor any continuity of ideas in certain places.

Beginning :

............കരളേകവേരും
ആമ്പൽക്കിഴങ്ങും സമമായ്നുറുക്കി
ഇടിച്ചുവെച്ചോരു കഷായനീരിൽ
പചിച്ചുനെയ്യും ഖൃമിഷം പുരാണം.
(ചൊല്ലാം കളഞ്ഞിട്ടു മിതിന്നുകൽക്കം
ചൊല്ലീടുവാൻ ഞാൻ ഗൃഹധൂമമെല്ലാം
പാഷാണമിരിപ്പത്തഞ്ചു പണത്തൂക്കം ഗവാംപയഃ
നാഴിനെയ്യിന്നു നാനാഴിഗോമൂത്രം പത്തിരട്ടിയായ്
........ച്ചനെയ് സമസ്താഖു വിഷവും പരമൗഷധം.

നരി കടിച്ചാൽ ചികിത്സ:

ക്രമ്മിരൻ വിനദൻ പിന്നെ
വൃകൻ കമുദനെന്നിവ
നാലു ജാതി നരിക്കൂട്ടം
ഉള്ളവററിന്നു പേരിവ.

Colophon :

നരിചികിത്സ തീർന്നു.

End :

ഈ മരുന്നുകൾ ഇടിച്ചുപിഴിഞ്ഞു് നീർകൊണ്ടെത്തി കത്തി ചെറുവക്കയൊടെ ധാര യിടീലുമാം. വിക്കമൊഴിയും. കൊടിയ വീക്കത്തിനു കിഴിതന്നെ നല്ലു.

ശുഭമസ്തു ഗരളാമൃതം ശുഭമസ്തു.

വിഷയ വിവരണം.—പ്രായേണ വിഷ വൈദ്യമാണു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയം. എലി, നരി, മൂർഖൻ എന്നിവയുടെ വിഷം ബാധിച്ചാൽ കാണപ്പെടുന്ന ലക്ഷണങ്ങളും അതിനു ചെയ്യേണ്ട ചികിത്സാവിധിയും ശ്ലോകരൂപേണ ഇതിൽ വിസ്തരിക്കുന്നുണ്ടു്. പശുക്കളെ പാമ്പുകടിച്ചാൽ ചെയ്യേണ്ട പ്രതിവിധിയാണ് ഈ ഗ്രന്ഥത്തിലെ പ്രസ്താവനീയമായ മറെറാരു ഭാഗം.

ഇതിൽ പ്രാരംഭത്തിലുള്ള കുറെ ഭാഗങ്ങൾ കാണുന്നില്ല. എവിടെയാണ് ശരിയായി അവസാനിക്കുന്നതെന്നും അറിയുന്നില്ല. ഒരു ദിക്കിൽ "ഗരളാമൃതം ശുഭമസ്തു" എന്നു് എഴുതിക്കാണുന്നതുകൊണ്ടു് ഗ്രന്ഥത്തിൻെറ പേർ അതായിരിക്കാമെന്നു് അനുമാനിക്കാമെങ്കിലും അവിടെയാണോ അതു അവസാനിക്കുന്നതു എന്ന സംശയത്തിനു നിവൃത്തി കിട്ടുന്നില്ല. കാരണം അതിനു ശേഷവും ഈ വിഷയത്തെ തന്നെ പരാമർശിക്കുന്ന ഭാഗങ്ങളുടെ ചില ശകലങ്ങൾ കാണുന്നുണ്ടു്. ഇതിനുംപുറമെ ചില ധ്യാനശ്ലോകങ്ങളുടേയും വേദാന്തപരമായിട്ടുള്ളതാണെന്നു അനുമാനിക്കാവുന്ന ചില ശ്ലോകങ്ങളുടേയും അംശങ്ങൾ ഇടകലർന്നങ്ങനെ കിടക്കുന്നുണ്ടു്.

ഇതിൽ കാണുന്ന ഗ്രന്ഥപാഠങ്ങൾക്കും അക്ഷര വീഴ്ചകൾക്കും യാതൊരു കണക്കുമില്ല. ഗ്രന്ഥകർത്താവു ആരാണെന്നറിയുന്നില്ല.

D. No. 353. സർവ്വരോഗനിദാനം.

SARVARŌGANIDĀNAM.

Substance—Palm-leaf. Size, 13-1/5″ × 1¾″. Foll. 50. Lines, 8 (average) on a page. Character—Malayalam. Condition—Injured. Appearance—Old. Mode of writing—Fairly good.

Complete.

Explains the causes and symptoms of various diseases. Against each case the name of the disease is given in the margin such as 'Paninidānam' (the causes of fever) and so on.

Author not known.

The other work contained in this bundle is Dravyaguṇanirṇaya which begins from fol. 51.

Beginning :

കൈരവ ഗ്രാമനിലയാം ഭൈരവിം കൈവണങ്ങി ഞാൻ
പരപ്പുള്ള നിദാനത്തെ ച്ചുരുക്കിപ്പറയുന്നിതു.
ഗ്ഗുരിക്കന്മാർ ഗണാധീശൻ വാണിമാതായദേവിയും
തുണച്ചീടേണ മായുർവ്വേദാചാര്യന്മാരുമാദരാൽ.

പനിയും രക്തപിത്തംച ചുമയും പിന്നെ എക്കിളും
കാസശ്വാസങ്ങളും യക്ഷ്മാസ്വരസാദോരുചിസ്തഥാ.
കഫപ്രസേകവുംച്ഛർദ്ദി ഹൃദ്രോഗം തൃഷ്ണയുംതഥാ
മദമൂർച്ഛയുമർശ്ശസ്സുമുദവ (ത്താതിസാ)രവും.

വിഷൂചിഗ്രഹണീകൃച്ഛ്ര മശ്മരീചപ്രമേഹവും
വിദ്ധി വൃദ്ധിഗ്ഗുന്മംച ശൂലപ്ലീഹമഹോദരം.
പാണ്ഡുകാമില ശോഥഞ്ച (വിസപ്പ്) ഞ്ചമസൂരികാ.
പുളകാ ശീതപിത്തഞ്ച ചർമ്മകുഷ്ഠം ച ശ്വിത്രകം.

കൃമി ഭേദങ്ങളും വാതം വാതശോണിതമിങ്ങിനെ
രോഗക്രമങ്ങളെ . . . . . മെഴുതുന്നിതു.

Colophon :

ഇതി ജ്വര നിദാനം.

End :

ഭൃഗ്നനേത്രകവും പിന്നെ കർണ്ണികാകണ്ഠകുബ്ജവും
പ്രലാപം ചാ വ്യഭിന്ന്യാസം കൃച്ഛ്ര സാദ്ധ്യമതാസ്സുരം.
താന്ത്രികസന്നിയും പിന്നെ രക്താക്ഷിപകസന്നിയും
ജിഹ്വാകസന്നിയും മൃത്യുവന്നീട്ടുമതുനിർണ്ണയം.
പിത്തം ത്വക്കിങ്കലായിപ്പോം വാദം മെദസ്സിലാകയും
കോഷ്ഠത്തിൽ ശ്ലേഷ്മാവും കൂട്ടമെന്നാലസന്നി മൃത്യുവാം.

Colophon :

ഇതി നിദാനം സമാപ്തം.

വി.വി.—ഈ ഗ്രന്ഥത്തിൽ നാനാവിധങ്ങളായ രോഗങ്ങളുടെ നിദാനങ്ങളേയും അവയുടെ ലക്ഷണങ്ങളേയും പററി സവിസ്തരം പ്രതിപാദിക്കുന്നു. സന്നിപാത നിദാനമാണു് അവസാനമായി വിവരിക്കുന്നതു. പൂർണ്ണമായ ഈ ഗ്രന്ഥത്തിന്റെ കർത്താവു് ആരെന്നുള്ളതിനെക്കുറിച്ചു് ഗ്രന്ഥത്തിൽ യാതൊരു സൂചനയും കാണുന്നില്ല.

D. No. 354. മർമ്മവിഭാഗം.

MARMAVIBHĀGAM.

Substance—Palm-leaf. Size, $14\frac{1}{2}'' \times 2''$. Lines, 10 on a page. Foll. 100. Character—Malayalam. Condition—Very much injured. Appearance—Old. Mode of writing—Clear.

Complete.

Same work as the one described under D. No. 172 (Marmavibhāgam). The other works contained herein are "Marmacikitsa" and "Yogasaram."

D. No. 355. വൈദ്യഗ്രന്ഥം.

VAIDYAGRANTHAM.

Substance—Palm-leaf. Size, 13½″ × 1-7/10″. Foll. 42. Lines, 7 on a page. Character—Malayalam. Condition—Slightly injured. Appearance—Old. Mode of writing—Fairly good.

Incomplete.

Describes how various medicines, such as Kaṣāyam (decoction), oil, etc., are to be prepared to cure diseases. The work is in prose. Author not known.

Beginning :

എല്ലാ വാതത്തിനും ശമനം. നാഴിയെണ്ണക്ക് അറുനാഴി കുറുന്തൊട്ടി കഷായം. അറുനാഴി........കുറുന്തൊട്ടി അറുപലം കൽക്കം ഇവണ്ണം മണ്ണെക്കൊത്തവണ്ണം കണ്ണിട്ടെപ്പു. ബലാതൈലമെൻറു പേർ. എല്ലാ വാതവുമിളെകും. ശതാവേലി കുറുന്തൊട്ടി, ചിററമൃതു യിമുൻറുമായിട്ട് നാഴിയെണ്ണെക്ക് നാൽപ്പലം കണ്ടുകൊണ്ട് കഷായം വെച്ച് പലത്തിനിടം കാ (ൽ) നാഴികണ്ട് നാലിടങ്ങഴി നീരും ബീത്തി കുറുക്കി ഒരിടങ്ങഴി നീരാക്കി..........ച്ചതിൽ നാഴിയെണ്ണ വീത്തു. എണ്ണയോളം പാലും വീത്തു. ചന്ദനം രാമച്ചം കൊട്ടം മുത്തങ്ങാകിഴങ്ങു നാലുമായിട്ട് അരപ്പലം കല്ക്കത്തിന്നുകൊള്ളൂ. വരിവെലത്തിയെൻറു എണ്ണപേർ.

End :

അ (ആ) വാതം കൊണ്ടുണ്ടാകിൻറത് തൊണ്ടയും വായും വരട്ടും, പിത്തം കൊണ്ടുണ്ടാകിൻറത് നോവേറിയിരിക്കും. പനിപ്പുതും ചെയ്യും. ശ്ലേഷ്മം കൊണ്ടുണ്ടാകിൻറത് വഴുവഴുകും. കഴുത്തിൽ വാതം തുടങ്ങിയുള്ള ദോഷങ്ങളെക്കൊണ്ടു (ണ്ടാവത് ?) ഗളവിദ്ധി. കഴുത്തിൽ പുറത്തുണ്ടാകിൻറ വീക്കം ഗളഗണ്ഡം അത് കാലഞ്ചെൻറാൽ വലമണിപോലെ കീഴ്പോട്ടു താഴും. കഴുത്തിലെ.. ......കളുണ്ടായാൽ നസ്യംചെയ്യു. (ഒ) ഗണ്ഡൂ (ഴ) ഷവുഞ്ചെയ്യു. ആരംപിട്ടുത്ത (?) ചോരകളെക. രസാഞ്ജനം കുടകപ്പാലരി, മരമഞ്ഞൾ വെ (വേ)പ്പുന്തോൽ ഇവകൊണ്ട് കഷായം (?) കുടിക്ക. തെ (തേനും) കൂടി മുതിര ചെറുപയറ്, കരിനെച്ചി, കുടകപ്പാലയരി ഇവ കഷായം. കഴുത്തിലെ വ്യാധി.......കടുക്ക, ചുക്ക് (?) കരിമ്പു ആവണക്ക് കളയടക്ക തോരോശി ഇവ കഷായം. വിരേചനം.

വി.വി.—ഇതിൽ വ്യാധികൾക്കുള്ള ചികിത്സയാണ് പ്രതിപാദിക്കുന്നതു്. ഗ്രന്ഥം പൂണ്ണമാണെന്നനുമാനിക്കുവാൻ യാതൊരു സൂചനയും കാണുന്നില്ല. ഗദ്യപ്രചുരമായ ഈ ഗ്രന്ഥത്തിൻെറ കർത്താവാരെന്നറിയുന്നില്ല.

D. No. 356. ക്രിയാദീപിക.

KRIYĀDĪPIKA.

Substance—Palm-leaf. Size, 9-2/5″ × 1½″. Foll. 148. Lines, 9 on a page. Character—Malayalam. Condition—Good. Mode of writing—Good. Appearance—New.

Same as the one described under D. No. 29.

The other works herein are: (Devatāpratiṣṭha), (Vettekkarante Pūja), (Vināyakacaturthi), (Gaṇitam), (Vināyaka Caturthi).

D. No. 357. ജാതകസാരം

ഭാഷാവ്യാഖ്യാനസഹിതം.

JĀTAKASĀRAM WITH MALAYALAM COMMENTARY.

Substance—Palm-leaf. Size, $9\frac{1}{2}'' \times 1\frac{3}{4}''$. Foll. 45. Lines, 9 on a page. Character—Malayalam. Condition—Slightly injured. Mode of writing—Fair. Appearance—Old.

Complete.

The other work contained in this is Ganitam, beginning on Fol. 46.

A commentary on Jātakasāra which deals with the vicissitudes of human life and especially such aspects as diseases, marriage, span of life and so on as brought about by the influence of the planets according to the position they occupy at the time of one's birth. Besides, minor details and the effects on one, of the particular day or star, or "Karaṇa", etc., in which one is born, also find a place in this work.

This work seems to be very valuable.

Author not known.

Beginning :

പൂർവ്വമായുഃപരിക്ഷേത പശ്ചാൽ ലക്ഷണമാദിശേൽ ഇതി. ആയുസ്സാവതു ആയുർജ്ജീവിത കാലഃ ജന്മാന്തരകർമ്മങ്ങളെ അനുഭവിക്കുന്ന കാലം. ആയുസ്സാവതു കർമ്മശക്തിക്കതക്കവാറു അല്പമല്പ്യപൂർണ്ണത. അതു ഇപ്പോൾ ഗ്രഹചാരം കൊണ്ടറിയാം.

പൂർവ്വകർമ്മണി ശുഭാശുഭ മുദ്ര്യൽ
കർമ്മണഃ ഫലമീവ ചാരം.
വ്യഞ്ജയത്യഖിലവസ്തു പദാർത്ഥാൽ
ധാമ്നിദീപ ഇവതത്രസമസ്താൽ.

യാതൊരു ഭാവവും ഫലപ്രദമായിരിക്കുന്നതു അതു ഇഷ്ടമെങ്കിലുമനിഷ്ടമെങ്കിലും അനിഷ്ടമെങ്കിലും അനുഭവിപ്പോളമായുസ്സ് എന്നു കല്പിക്കേണം. ഗ്രഹചാരമെന്നതു ഗ്രഹഗതി. അതു ലഗ്നാത്സുക്ഷിക്കേണം. ലഗ്നമായതു ആധാനലഗ്നവും, ജന്മലഗ്നവും, പ്രശ്നലഗ്നവും.

ജ്ഞേയോത്ര പ്രഥമം ഹിജന്മസഹിമ (?) യഃ
ഛായാംബു യന്ത്രൈ സ്ഫുടം
തത്തൽ ല്ഭാലഭോവിലഗ്നസഹിതാ
കാർയ്യാസ്തുതതചഗ്രഹാം
സിദ്ധാന്തോക്ത പരിസ്ഫുടോപകരണൈ-
ന്സ്യേചാ · · ൽക്കർമ്മണാ
ഭാവാഃ ഖേടളശോ ബലാനി ച ത (!).
. . . . . . തി.

ഇത്യാദി ലക്ഷ(ണ) . . (സ്ഫു)ടം വരുത്തുക. ലഗ്നാദിഭാവവശാൽ ദേഹത്തിന്റെ കൃശ . . . . . ഷട്ത്രിംശ ദേക്കാണവശാ . . . . ഹ (?) ത്തിങ്കലെ പ്രാണമു (?) ഷകാദിചിഹ്നങ്ങളെയും അഭിജ്ഞലഗ്നത്തിന്റെ സൂക്ഷ്മഭാഗങ്ങളെ ഗ്രഹിക്ക.

Colophon :

ഇത്യാദ്യരിഷ്ടഭാഗഃ

Colophon :

ഇതി ജാതകസാരേ ആയുന്നിരൂപണോദ്ധ്യായോദ്വിതീയഃ

ഇതി ഭൃഗുദശാപ്രകരണം.

End :

ഇതി കഥിതമു . . . . യുരഗന്ത്യാദികാനാം

ഫലമപിസദസദ്യ ? മിത്ര കണ്ഠഗ്രഹാണാം.

യുവതിഷു ഫലമേത (ദ്യ)ത്തമപ്യത്രവാച്യം.

പതിഷുവദതി സർവ്വജ്ഞാ . . . (ന) രൂപം.

ദ്വിജേന കേനാപ്യുഡു ജാതകോദയം.

ഇത്യാദി—ശുഭമസ്തു.

Colophon :

സംഗീതസാഹിത്യ രസായലോകേ

ശ്രോത്രദ്വയം കല്പിത (വാൻവിധാ) താ-

ഏകോപിഹീനഃ പുനരേകകർണ്ണാ

ദ്വാഭ്യാംവി (ഹീനഃ) വ്യധിരസ്സഏവ.

സംഗീതസാഹിത്യ രസാനഭിജ്ഞഃ

സാക്ഷാൽപശുഃ പുച്ഛവിഷാണ ശൂന്യഃ

ചരത്യസൗയംനതൃണം കദാപി

തൽഭാഗധേയം ഹിപരംപശൂനാം.

കരകൃതമപരാധംക്ഷന്തുമർഹന്തിസന്തഃ

വി. വി.—ഇതിൽ ആയുസ്സ്, വിവാഹം മുതലായ പല പ്രധാന കാര്യങ്ങളേയും നിരൂപണം ചെയ്തിട്ടുണ്ട്. ഇങ്ങിനെ ഏഴദ്ധ്യായങ്ങളാണുള്ളത്. ഇതിന്നപുറമേ നക്ഷത്രഫലം ഗണഫലം വാരഫലം ഇവയേയും ഓരോ ദശാഫലങ്ങളേയും ഇതിൽ വിവരിച്ചിട്ടുണ്ട്. ഇതിൽ മേൽ സൂചിപ്പിച്ച ഏഴദ്ധ്യായങ്ങൾ ഗദ്യപദ്യമിശ്രവും ബാക്കിഭാഗം പദ്യപ്രചുരവുമാണ്. ഗ്രന്ഥം പൂർണ്ണമാണെന്നാണു അനുമാനിക്കേണ്ടതു്. കർത്താവാരാണെന്നറിയുന്നില്ല. ഗ്രന്ഥത്തിൽ ചിലേടത്തെല്ലാം അക്ഷരവീഴ്ചകൾ കാണുന്നുണ്ട്.

D. No. 358. ദ്രവ്യഗുണസംഗ്രഹം.

DRAVYAGUṆASAṄGRAHAM.

Substance—Palm-leaf. Size, 8¾″ × ¾″. Lines, 4 to 6 on a page. Character—Malayalam. Condition—Injured. Mode of writing—Clear.

Incomplete.

Author not known.

Gives a brief description of various trees and plants—Such details as their height, dimensions of the leaves, length of their life, etc., are furnished. Also indicates the medicinal properties of their leaves, fruits and roots too in certain cases.

Interesting from a botanical point of view.

Beginning :

ശമിസക്തഫല ശിവ.

വൃക്ഷം ഹ്ര സ്വശാഖകളോടുകൂടിയിരിക്കും. പത്രം ഏററവും ചെറുതായിരിക്കും. ഇതു സൽകർമ്മാദികൾക്കു ഉപകാരസാദ്ധ്യമായി ഇരിക്കും. വൃക്ഷം നട്ട് നനച്ചു ഉണ്ടാക്കുന്നതു്.

വയസ്സ് ഏകദേശം നൂ ധലഹം സംവത്സരം നിൽക്കും.

. . .

. . .

സുമനസ്സ് മാലതി ജാതി പിച്ഛകം.

ചെടിയിൽ വള്ളിയായികം പടന്നിരിക്കും. എല നീണ്ട് ചെറുതായിരിക്കും. പൂവ് വെളുത്ത് സുഗന്ധത്തോടുംകൂടി ഇരിക്കും. എല വ്രണരോപണത്തിനും ശിരോരോഗത്തിനും ഔഷധത്തിനു നന്ന്. പൂവ് വായുകോപശമനമായി പിത്തഹരമായി ഛർദ്ദിഹരമായി മദമൂർഛാശമനമായിരിക്കും. ഒടിച്ചു കുത്തിയുണ്ടാകുന്നതു. വയസ്സ് നൂറ സംവത്സരം നിൽക്കും.

End :

വേതസംരഥം.

. . . . ഉയരത്തിൽ ഇരിക്കും. പത്രം എട്ട് വിരൽ . . . ഇരുണ്ട് പ്രകാശം കുറഞ്ഞിരിക്കും.

അപ്പെക്ഷ്പം, ആററുപണി.

വെരും. . . . . .ദകരമായി. മൂത്രകൃച്ഛ്ര ശമനമായി വസ്തിശുദ്ധികരമായി ബൃംഹ . . . . . .യി ഇരിക്കും. ഇതു സംബന്ധിച്ച് ഉണ്ടായിരിക്കും.

D. No. 359. പാട്ടുണ്ണി ചരിതം.

PĀTTUṆṆICARITAM.

Substance—Palm-leaf. Size, 7-7/10″ × 1-1/5″. Foll. 49. Lines, 7 (average) on a page. Mode of writing—Good. Appearance—Somewhat new.

Complete.

The same work as the one described under D. No. 146.

The only difference is with regard to the title.

D. No. 360. ദ്രവ്യഗുണനിർണ്ണയം.

DRAVYAGUṆANIRṆAYAM.

Substance—Palm-leaf. Size, 13-1/5″ × 1¾″. Foll. 15. Lines, 5 on a page. Character—Malayalam. Condition—Somewhat injured. Mode of writing—Fair, though faint in certain places.

Begins on Fol. 51 of the MS. described under D. No. 353.

Incomplete.

This work deals, within a brief compass, with the properties, both good and bad, of the following :—

(1) Various liquids like water, milk, honey, etc.
(2) The products of sugarcane.
(3) Different kinds of cereals.
(4) Rice.

The work is written in lucid Malayalam verses in Anuṣṭup metre.

The author of this work which seems to be very valuable from a hygienic point of view, is not known.

Beginning :

ഗുണപാഠം കരിഷ്യാമി സഹകേരള ഭാഷയാ

ജലവർഗ്ഗം—

പ്രാണനുള്ള ജനത്തിന്റെ ജീവനായത്തു ജീവനം
(ജലമി) ല്ലാതൊരുത്തർക്കും പൊറുക്കാവല്ലൊരിക്കലും
ഉണങ്ങും വെള്ളമില്ലാഞ്ഞാൽ മുളച്ചുണ്ടായതൊക്കെയും
നരതിര്യക്കുലങ്ങൾക്കും സങ്കടം വലുതായ്വരും.

വെള്ളംകൂടാതെകണ്ടാർക്കും പൊറുക്കാവല്ലൊരിക്കലും
അതുകൊണ്ടിത്ര നന്നായിട്ടില്ല മറെറാന്നു ഭൂമിയിൽ
രസങ്ങളൊന്നിലും ചേരാ ഇതിന്റെ ര(സ)മോർക്കിലോ
ഇവണ്ണം രസമുണ്ടായിട്ടില്ല മറെറാന്നു ഭൂമിയിൽ
ദാഹമൂർച്ഛം വിഷം ഭ്രാന്തം മോഹാലസ്യാദി നാശനം.
ത്രിദോഷ ശമനം രക്തപ്രസാദത്തിന്നു മുത്തമം.

Colophon :

ഇതി ജലവർഗ്ഗം.

End :

പഥ്യം ചെറുപയററിന്റെ പരിപ്പെത്രയുമുത്തമം.

കഫപിത്തം (?) ഹരം ഹൃദ്യം മധുരം രസപാകയോഃ
തുമരേടെ പരിപ്പിന്റെ ഗുണം വാതഹരം * * ?
കാസമെന്നാദിയായുള്ള ദണ്ഡങ്ങൾക്കൊക്കെ നന്നിത.
മലർ നന്നായ് തണുത്തുള്ളൂ വാതച്ഛർദ്ദ്യതിസാരജിൽ.

ദാഹപ്രമേഹശ്ലേഷ്മ (ങ്ങൾ) ഇവററെക്കളെയും ലഘു
ദീപനത്തെ വരുത്തിടും ഗുണമുള്ളൊന്നിതേററവും
അവിൽനന്നു വിശപ്പിന്നും ദേഹത്തിന്റെ ബലത്തിനും
വർദ്ധിപ്പിക്കും ക്രമത്താലെ വിഷ്ടംഭത്തെ കഫത്തെയും
ഊമൻ വിഷ്ടംഭകൃദ്രൂക്ഷം തർപ്പണം ലേഖനം ഗുരു
തരിപ്പണം ഗുണം നൄണാം ക്ഷുത്തൃഷ്ണാനാം വിനാശനം.
ലഘുവായിട്ടിരിപ്പൊന്ന് വരുത്തും തൃപ്തിയെദ്രുതം.
തരിപ്പണം ഭുജിക്കുന്ന മദ്ധ്യേ വെള്ളം കുടിക്കൊലാ.
പലവട്ടം ഭുജിക്കൊല്ലാ നന്നെ തിന്നരുതൊട്ടുമേ
ഊൺകഴിഞ്ഞു നടേതിന്നാം അന്തിക്കരുതെ. . .

വി.വി.—ഈ ലഘുഗ്രന്ഥത്തിൽ ജലം, ക്ഷീരം, ഇക്ഷു, മധു, തൈലം, മൂത്രം, മദ്യം, ധാന്യം, അന്നം എന്നീ ദ്രവ്യങ്ങളേയും അവ ഓരോന്നും ഉപയോഗിക്കുന്നതുകൊണ്ടു മനുഷ്യ ദേഹത്തിനുണ്ടാകുന്ന ഗുണദോഷങ്ങളേയും പ്രതിപാദിക്കുന്നു. സുലളിതങ്ങളായ ചെറു പദ്യങ്ങളാണ് ഇതിലുള്ളത്. അപൂർണ്ണവും ആരോഗ്യശാസ്ത്രദൃഷ്ട്യാ പ്രധാനവുമായ ഈ ഗ്രന്ഥത്തിന്റെ കർത്താവ് ആരെന്നറിയുന്നില്ല. ഗ്രന്ഥനാമവും ഇതിൽ കാണുന്നില്ല. പ്രതിപാദ്യത്തെ പരിഗണിച്ച് മേൽ കാണിച്ച പേർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

D. No. 361. മർമ്മചികിത്സ.

MARMACIKITSA.

Substance—Palm-leaf. Size, 14½″ × 2½″. Foll. 9. Lines, 9 to 10 on a page. Character—Malayalam. Condition—Very much injured.

Complete.

Author not known.

Begins on Fol. 7 of the MS. described under D. No. 354, ante.

Similar to the work described under D. No. 171, though a few verses are wanting at the end. There is also a small portion between the end of this work and the biginning of the following work in the same bundle. It deals with some preparation out of eggs which can be used for the healing of some wounds.

D. No. 362. യോഗസാരം.

YŌGASĀRAM.

Substance—Palm-leaf. Size, 14½″ × 2½″. Lines, 10 on a page. Character—Malayalam. Condition—Badly injured. Mode of writing—Tolerably good. Appearance—Old.

Contained in the same bundle described under D. No. 354.

A work that exhaustively treats of the causes, symptoms and cure of various kinds of diseases which affect the human body.

The name of the author is unknown.

Beginning :

ഗണനാഥനെ വന്ദിച്ചേൻ വാണിമാതിനെയന്തഥാ
ആചാര പാദയുഗ്മങ്ങളാദരാൽ തൊഴുതിടിന്നേൻ
രോഗജാല മൊഴിച്ചിട്ടും ഭൃതറാഥദയാനിധേ !
സർവ്വകാലത്തുണക്കേണ മാമാമയങ്ങളൊഴിക്കുവാൻ.
സാരമായവചൊല്ലുന്ന യോഗസാരമിതെന്നുപേർ.
രോഗപാപമൊഴിച്ചിട്ടും യോഗനാമങ്ങളാമിവ.
സർവ്വരോഗ നിദാനിക്രമത്താലേ ചികിത്സയും
ഭാഷയായിട്ടു ചൊല്ലുന്നേൻ ബാലാനാമറിവാനഹം.

Colophon :

ഭക്തരോധ ചികിത്സ.
ഇതിജ്വരാധികാരഃ.

End :

ഗന്ധകം, മനോശില, രസം ഇവ മൂന്നും തൂക്കി പച്ചരികൊണ്ടു് വെച്ച കഞ്ഞിവെള്ളത്തിലരച്ചു തുണിയിൽ പരത്തി നിഴലിലുണക്കി ഇരുമ്പു് . . . . . . അത്തുണി തിരച്ചുവെപ്പുണ്ഡയിൽ (?) മുക്കി തൈലമിറക്കിയി (ൽ) എങ്കിലും കാലെങ്കിലും മററും വല്ലാത്ത വിറയുണ്ടെങ്കിൽ മിരട്ടി തേങ്ങമടൽ പുഴുങ്ങിയ വെള്ളത്തിൽ കഴുകികളക—നാൾ ചെന്നാൽ ശമിക്കും.

വി.വി.—ഗദ്യപദ്യമിശ്രമായ ഈ ഗ്രന്ഥത്തിൽ രോഗനിദാനം, ലക്ഷണം, ചികിത്സ ഇവയെ സവിസ്തരം വിവരിക്കുന്നു.

ഗ്രന്ഥം അപൂർണ്ണമാണെന്നാണു് അനുമാനിക്കേണ്ടതു്. കർത്തൃനാമം ഇതിൽ നിർദ്ദേശിച്ചു കാണുന്നില്ല.

D. No. 363. ദേവതാ പ്രതിഷ്ഠ.

DEVATĀPRATIṢṬHA.

Substance—Palm-leaf. Size, 9-2/5″ × 1½″. Foll. 2. Lines, 8 on a page. Characte—Malayalam. Condition—Good. Mode of writing—Good.

Begins on Fol. 148 of the MS. described under D. No. 356, ante.

Complete.

Author not known.

A short work in prose explaining how the erection and consecration of idols in temples should be performed, according to Śāstraic methods.

Beginning :

എല്ലാ പ്രതിഷ്ഠക്കും തലേ (ലേ) നാൾ ആശാരിയോടു ബിംബം മേടിച്ചു ജലതീരത്തു് വെച്ചു ഭസ്മംകൊണ്ടും പുററുമണ്ണുകൊണ്ടും നാൽപ്പാമരംകൊണ്ടും തേച്ചുകഴുകി അവിടെ ഇരുന്നു ദേഹശുദ്ധാദികൾചെയ്തു് ഗണപതി നിവേദിച്ചു ജലത്തിൽ താലത്രയാദിസ്ഥനം

ചെയ്തു ക്ഷഡവും പ്രണവവും (?) ആയതുവരുന്ന . . . . . ക്ഷം ഇത്യാദിയും വാം വാരുണായനമഃ ഏഢ്യേഹിതാരു (?) ആവാഹിച്ചു വാമാദ്യംഗവും ചെയ്തു പൂജിച്ചു തീൎത്ഥങ്ങളേയും ആവാഹിച്ച് ഗമാദ്യംഗവും ചെയ്ത ഭുവനേശ്വരികൊണ്ടും മൂലംകൊണ്ടും ആവാഹിച്ചു പൂജിച്ചു ബിംബത്തിനു താലത്രയദിഗ്സനം ചെയ്തു ഭൂശുദ്ധിശോഷണ ദഹനത്തോളം ചെയ്ക.

End:

ഗണപതി വിസൎഗ്ഗവും ചെയ്ത അകത്തു വിറ പൂജചെയ്ത് ആവാഹിച്ചു ന്യാസങ്ങളും ചെയ്ത ആസനാദ്യുപഹാരങ്ങളും ചെയ്ത സ്നാന കാലത്തിംകൽ പൂവാരി അഭിഷേകം ചെയ്ത് ആപോഹിഷ്ഠാദിതളിച്ചു ചന്ദനവും പൂവും ചാൎത്തി നിരാഞ്ജന മുഴിവാൻ കറുകയും അക്ഷതവും ശിരസ്സിങ്കലും ശ്രീപാദത്തിംകലും ഇട്ടു അസ്ത്രം ചൊല്ലി മൂന്നു (ന്നു) രു ഉഴിഞ്ഞു രണ്ടാമതും നള്ളി ഇട്ടു വെച്ചു കൈകഴുകി കലശമെഴുന്നളിച്ച് ചക്രികയും (?) പല്ലവവുമുഴിഞ്ഞ് കൈകഴുകി കലശം മേടിച്ചു പ്രണവോപചാര മൂലത്രയം ജപിച്ച് ലിപി പ്രതിലോമവും ശിരോമന്ത്രവും ചൊല്ലിയാടി പൂജാമന്ത്രവും യഥാശക്തിമൂലവും ചൊല്ലിയാടി ശക്തിചൊല്ലി ഒറപ്പിച്ചു കുടംവെച്ചു ചന്ദനവും പൂവും ചാൎത്തി—ആവാഹന മുദ്രകാട്ടി അക്ഷ . . . . . അംഗവും ചെയ്ത ഋഷിച്ഛന്ദസ്സും ചെയ്ത നിരാഞ്ജന മുഴിഞ്ഞ് നിരാഞ്ജനവും കുംഭവും ദേവംകൽ ഉദ്വസിച്ചശേഷം ഉപഹാരവും കൊടുത്തു മൂൎത്തിപൂജ ചെയ്ത നിൎമ്മാല്യം പരിഹരിച്ചു തളം കഴുകി നിവേദ്യം നിവേദിച്ചു യഥാന്യായം പൂജ ചെയ്തുകൊള്ളു.

വി.വി.—ക്ഷേത്രങ്ങളിൽ ദേവത പ്രതിഷ്ഠചെയ്യേണ്ട സമ്പ്രദായത്തെപ്പററിയും മററുമാണ് ഈ ഗ്രന്ഥത്തിൽ പറയുന്നതു. ഇതു പൂൎണ്ണമാണ്. ഗദ്യരൂപമായ ഈ ഗ്രന്ഥത്തിന്റെ കൎത്താവാരെന്നു ഇതിൽ പറഞ്ഞുകാണുന്നില്ല.

D. No. 364. വേട്ടേക്കരന്റെ പൂജ.

VĒTTĒKKARANTE PŪJA (WORSHIP OF VĒTTĒKKARA).

Substance—Palm-leaf. Size, 9 2/5″ × 1½″. Lines 9 on a page. Character—Malayalam. Condition—Good. Appearance—New. Begins on F. 150 of the MS. under **D.** No. 356, ante.

Complete.

The manner of worshipping Vēttēkkara is the subject of this work, which contains only incantations. There is no indication whatever, in the work, regarding the authorship.

Beginning :

ഹരിഃ വെട്ടേക്കരന്റെ പൂജ അഭിവാദ്യം െ[ചെത] (ചെയ്ത്) ശതധാരം ജപിച്ച് ദേഹശുദ്ധി, ശംഖപൂരണം ആത്മാരാധന അസ്ത്രം ശ്ലീം പശുഹ്ണം വൽ (?) അംഗം ശിവന്റെ നേത്രത്രയം. ഋഷിച്ഛന്ദസ്സ്. കിരാതഃ ഋഷിഃ ഗായത്രിച്ഛന്ദഃ കിരാതരുദ്രോ ദേവതാമൂലം ഓം ഹ്രീം ഹൈം നമശ്ശിവായ കിരാത വപുക്ഷേനമഃ ആയുധം ക്ഷുരികായൈ നമഃ സശരധനുഷേനമഃ ഓം ഹ്രീം നമഃ എന്നും മൂലം കൊണ്ടും ഓരേ (ഓരോ) പൂൎവ്വാരാധിച്ച് രക്ഷിച്ച് വിറ പൂജ തുടങ്ങുക. ഗുംഗുരുഭ്യോനമഃ ഗംഗണപതയേനമഃ ആധാരശക്ത്യൈനമഃ മൂലപ്രകൃത്യൈനമഃ ആദികൂൎമ്മായനമഃ അനന്തായനമഃ പൃഥിവ്യൈനമഃ ധൎമ്മായനമഃ ജ്ഞാനായനമഃ വൈരാഗ്യായനമഃ ഐശ്വൎയ്യായനമ.

End :

ഇന്ദ്രാദി എട്ടുദിക്കിലും കീഴ്പട്ടും മേല്പട്ടും വജ്രായനമ: ശക്ത്യൈനമ: ദണ്ഡായനമ: ഖൾഗായനമ: പാശായനമ: അംകുശായനമ: ഗദായൈനമ: ത്രിശൂലായനമ: ചക്രായനമ: പത്മായനമ: ഈ പത്ത്മന്ത്രങ്ങൾ ഇന്ദ്രാദി എട്ടുദിക്കിലും കീഴ്പെട്ടും മേൽപ്പട്ടും ചണ്ഡേശ്വരായനമ: ഇങ്ങിനെ മൂർത്തിപൂജ. അകത്ത് എടനാഴിയിൽ ദേവന്റെ വലത്തഞ്ങിനെനമ: എടത്തു മഹാകാളായനമ: പുറത്ത് ശൂലപാണയേനമ:

ബലിക്കല്ലിന്മേൽ ത്രൂവാൻ അഗ്നയേ ത്വ പാർഷദേഭ്യോനമ:

എന്ന മൂന് (മൂന്ന്) തൽപാർഷദേഭ്യോനമ: എന്ന് ഒന്ന് മൂലംകൊണ്ട് ഒന്ന്.

വി.വി.—ഇതിൽ വേട്ടക്കരനെ പൂജിക്കുന്ന വിധം എങ്ങിനെയാണെന്ന പ്രതിപാദിക്കുന്നു. മുകളിൽ കാണിച്ചവിധം മന്ത്രങ്ങളാണ് ഇതിലുള്ളത്. ഗ്രന്ഥം പൂർണ്ണമാണ്. കർത്താവ് അജ്ഞാത നാമവും.

D. No. 365. വിനായക ചതുർത്ഥികല്പം.

VINĀYAKACATURTHIKALPAM.

Substance—Palm-leaf. Size, 9-2/5″ × 1½″. Foll. ½. Lines, 7 on a fol.

Begins on Fol. 151 of the bundle described under D. No. 356. Character—Malayalam. Condition—Good. Mode of writing—Good.

This is a very short work complete in five Sanskrit verses and three sentences following it.

It deals with the observance of Vināyakacaturthi.

Author not known.

Beginning :

ഹരി:

സിംഹേഭാനൌ ശുക്ലപക്ഷേ ചതുർത്ഥ്യാം
ഇന്ദോരസ്തം മോദയോ വായദഹ്നി
യസ്മിന്നക്കസ്യോദയേം വാതദഹ്നൊ-
ന്നേന്ദുർദ്ദശ്യോ ദൃഷ്ടരാപൽ പ്രതനപാൽ.
വാസുദേവാദിശംസസ്തു നിശാകരമരീചിഷു
സ്ഥിത: പൃഥിവ്യാമന്യാപി മനുഷ്യാനാപതേച്ചസ:
അതശ്ചതുർത്ഥ്യാം ചന്ദ്രസ്തു പ്രമാദാദ്വീക്ഷ്യ സംയത:
പഠേദ്ധാത്രേയികാവാക്യം പ്രാങ്മുഖോദിങ്മുഖോപിവ
സിംഹ പ്രസേന മവധിൻ സിംഹോ ജാംബവതാഹത:
സുകുമാരകമാരോദി (?) സ്യവഹ്യേഷസ്യമന്തക:

Colophon :

ഏതദ്ധാത്രേയികാ വാക്യം.

End :

മാസിഭാദ്രപദേശുക്ല ചതുർത്ഥ്യാം ഗണനായക:
മോദകാപൂപനൈവേദ്യൈ: സംപൂജ്യോഗൃഹമേധിഭി:

ഇവിടെ നടപ്പുള്ള വിനായകചതുർത്ഥി ഗണപതിയുടെ പ്രമാണം ഈ അഞ്ചു ശ്ലോകങ്ങളാകുന്നു. ചതുർത്ഥി പിറന്നാൾക്ക് ഉള്ള ദിവസം ഗണപതിയെ അപ്പം, അട മുതലായതുകൊണ്ടു് പൂജിക്കണമെന്നു താൽപ്പര്യം.

വി.വി.—ഇതിൽ വിനായക ചതുർത്ഥിയെപ്പറ്റിയുള്ള അഞ്ചു പദ്യങ്ങളാണുള്ളതു്. കർത്തൃനാമം അറിയുന്നില്ല.

D. No. 366. ഗണിതം.

GANITAM.

Substance—Palm-leaf. Size, 9-2/5″ × 1½″. Foll. 4. Lines, 9 on a page. Character—Malayalam. Condition—Good. Mode of writing—Good. Appearance—New.

An astrological work in Sanskrit in 4 chapters. The method of finding out the position and movements, etc., of planets by calculations is explained here.

Author's name not known.

Beginning :

ഹരി: ശ്രീ ഗണപതയെനമ:—അവിഘ്നമസ്തു.

ദൈയരംശകൈസ്സ്വഗ്ഗ്രഹാശയസ്യ
വിഷ്ണോസ്സദാ വ്യോമനിസഞ്ചരന്തി:

വിദന്തികാലസ്യ ശുഭാശുഭത്വം
കുർവ്വന്തുതേ മംഗലമാശ്രിതാനാം.

യത്താത്ര മാസാദിവസാത്മനാഡ്യാ
സ്വാഭീഷ്ടകാലാവധികാ: ക്രമേണ

ഭവന്തിരാശ്യം സകലാത്മഭാനോ
ര്യോഗ്യാദിവാക്യഞ്ച കലാസുകൃത്വാൽ.

യോഗ്യാദികാ ശന്ത്വയഭ്രോപദേശം
കൃതാധനണ്ണം ഹൃദയസ്ഫുടാർക്ക:

അസ്ഫുടാർക്കോ നഗലിപ്തികോന
സ്സ ഏവയോഗ്യാദിഭലോന യുക്ത: -

നിത്തേചതത്തിവസോക്ത യോഗ്യാ -
ദ്ധ്യാംശാരവേ രുക്തവമേവകൃത്വാൽ.

രവേസ്ഥിതിസ്സോദയജാസ്തു ഭുക്തി
സ്സ്യാൽ സൈവയോഗ്യാദിഭലോന യുക്താ -

നിധായസിദ്ധം വിധുവാക്യമിഷ്ടം
ധ്രുവഞ്ച സംയോജ്യവിശോധ്യവാപി

കൃത്വാദഹസ്ഥാനമഥോദയോക്തം
യഥോദിതം സ്യാദുദയസ്ഫുടേന്ദു:

Colophon :

ഇതി പ്രഥമോദ്ധ്യായ :—

End :

ഫലംദ്വിതീയം കരടാഹതംയ -

ഋണാത്മകം കഃഭന ഭഗനയുക്തം

തയോർവ്വിശേഷോ ധനപ്രമാണം -

ദാപ്താധനർണ്ണാത്മക ഹാരകസ്യാൽ.

ചിന്താകുലോവാസുകിരസ്തഖണ്ഡോ

ധ്രുവോധിഗക്ഷ വ്യഥയാമുഖന്തൽ

സംസ്കാര ഹാരാനയനേത്ര കാര്യോ

നാതാനചിത: കുംഭനഗോന ചാന്യൽ.

അഹർഗണാൽ ഖേചരവർത്ത്യയല്പാ -

ഭുരാദിനാപ്താ ഭഗണാദി ഖേടാ

ത്രിഭാനചിതസ്സത്ര ഭവേദചിധൃച്ഛോ

വിധുന്നുദഭ്രക്രദലാദധിശ്ശുദ്ധ:

വ്യംഗ്ഭാവോനാച്ഛ കാബ്ദാദധന ഗതലയഹാ

മന്ദവൈലക്ഷ്യരാഗൈ:

പ്രാപ്താഭിപപ്പി (?) പ്തികാഭിർവ്വിരഹിതതനവ: -

ശ്ചന്ദ്ര മുത്തുംഗമാതാ:

ശോഭഃ നീത്രധസാമിൽ ഗണകനരഹതാ

ത്മാഹരാപ്താകുജാദ്യ

സ്സംയുക്താ ജാരസൌരസ്സുരഗുരുഭൃഗുജൌ

വർജ്ജിതൌഭാനുവർജ്ജ്യം.

മന്ദാദിഹാരൈർവ്വിഭജേദവാപ്താ:

കാര്യാശ്ശശാങ്കാദിഷു തല്പരാദ്യാ:

നാനാജ്ഞാന പ്രലാഭി സ്ഥിലബല മസൃസ്ത -

ക്തം ധയേദാജദംഭോ

ഭദോദന്തോ നരേന്ദ്രോ നിരനുസൃഗധിസൌ -

ഖ്യംവരിക്ഷോഭിക്ഷംഗ:

ദോർദ്ദണ്ഡാ ഗ്രേദിനാഥാ വിക്ഷമിത വിപിന -

ഞ്ചന്ദ്രരേഖാംബുധിന്നേ -

ത്വക്കാദേ: പഥ്യയാസ്യ: ക്ഷിതിദിനമനുഗം

സ:കളാത്ഥീസമർത്ഥ്യ:

ശ്രീ ദക്ഷിണാമൂർത്തയേനമ:

Colophon :

ഈ ഗ്രന്ഥത്തിൽ സൂര്യാദിഗ്രഹങ്ങളുടെ സ്ഥിതിഗതികളേയും മററും ഗണിച്ചു കണ്ടുപിടിക്കേണ്ട മാർഗ്ഗത്തെ വിസ്തരിക്കുന്നു. നാലദ്ധ്യായങ്ങളുണ്ട്. ഭാഷ സംസ്കൃതമാണ്. ഗ്രന്ഥം പൂർണ്ണമാണോ എന്നോ, കർത്താവു ആരെന്നോ അറിയുന്നില്ല.

D. No. 367. വിനായകചതുൎത്ഥി കല്പം.

VINĀYAKACATURTHI KALPAM.

Substance—Palm-leaf. Size, 9-2/5" × 1½". Foll. 2. Lines, 9 on a page. Character—Malayalam. Condition—Good. Mode of writing—Good. Appearance—New.

Complete.

Begins on page 156 of the bundle described under D. No. 356.

Author not known.

To a certain extent similar to the work above. Deals with the same subject and one sentence in it is found towards the end of this work also. The manner of observing Vināyakacaturthi is explained here at length. In the beginning the author says that he is writing what is found in the TITHINIRṆAYA.

Beginning :

തിഥിനിൎണ്ണയത്തിൽ കണ്ടിരിക്കുന്നതിനെ താഴെ എഴുതുന്നു :—

തസ്യാശ്ച വിനായകവ്രത വിഷയത്വം തത്രൈവ
കൎത്തവ്യാവ്രതിഭിൎവ്വത്സ ഗണനാഥസ്യ തോഷിണീതി-
വിനായകവ്രതേ കാൎയ്യാ സൎവ്വമാസേഷു ഷണ്മുഖം.
ചതുൎത്ഥീതൂജയാ യുക്താ ഗണനാഥസ്യ തോഷിണിതി.
വൈനായകേ വ്രതാനുഷ്ഠാനേ ചതുൎത്ഥ്യാ: മദ്ധ്യാഹ്നവ്യാപിത്വം
മുഖ്യം പ്രയോജകം - തഥാഹബൃഹസ്പതി:
ചതുൎത്ഥീ ഗണനാഥസ്യ മാതൃവിദ്ധാ പ്രശസ്യതേ.
മദ്ധ്യാഹ്നവ്യാപിനീ ചേത്സ്യാൽ പരതശ്ചേൽ പരേഹനി.

. . . . .

ശുഭമസ്തു.

Colophon :

End :

"സിംഹേഭാനൌ" എന്ന ൭ ശ്ലോകങ്ങൾ ഇവിടെ നടപ്പുള്ള വിനായകചതുൎത്ഥിയുടെ പ്രമാണങ്ങളാകുന്നു. ചതുൎത്ഥി പിറന്നാൾക്കുള്ള ദിവസം ഗണപതിയെ അപ്പം, അട മുതലായതുകൊണ്ടു പൂജിക്കേണം.

മുഹൂൎത്തത്രിതയം പ്രാത: ചതുൎത്ഥ്യായദിനേഭവേൽ
തസ്മിന്നേവദിനേ കാൎയ്യം ഗണനാഥസ്യ പൂജനം.

ഇതും തിഥിനിൎണ്ണയത്തിൽ കണ്ടിരിക്കുന്നു.

വി.വി.—ഈ ഗ്രന്ഥത്തിന്നു മേൽവിവരിച്ച ഗ്രന്ഥവുമായി ഗണ്യമായ സാദൃശ്യമുണ്ട്. തിഥിനിൎണ്ണയത്തിൽ കണ്ടിരിക്കുന്നതാണ് ഇതിൽ എഴുതിയിട്ടുള്ളതെന്നു ഗ്രന്ഥകൎത്താവു തന്നെ പറയുന്നു. വിനായകചതുൎത്ഥി ആചരിക്കേണ്ടവിധവും മററും ഇതിൽ ശാസ്ത്രീയമായ ഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നു. അവസാനമായി മുകളിലത്തെ ഗ്രന്ഥത്തിലുള്ള ഒരു വാചകം ഇതിൽ ചേൎത്തുകാണുന്നുമുണ്ട്.

കൎത്തൃനാമം ഇതിൽ നിൎദ്ദേശിച്ചു കാണുന്നില്ല. രണ്ടിന്റെയും കൎത്താവു ഒരാൾതന്നെയായിരിക്കുമോ ?

D. No. 368. ഗണിതം.

GANITAM.

Substance—Plam-leaf. Size, 9½″ × 1-3/8″. Foll. 3. Lines, 8 to 9 on a page. Character—Malayalam. Condition—Slightly injured. Mode of writing—Fairly good.

Begins on F. 46 of the work described under D. No. 357, ante.

Incomplete.

Author not known.

This short work of small verses explains the method of finding out the positions of planets, by calculations. The work ends abruptly with a particular portion.

Beginning :

ശ്രീ ഗുരവേനമഃ

ലഗ്നംലഗ്നപതൌബ (൧) ലനസഹിതേ
തത്തുല്യവീര്യം വിളഃ

തത്രൈവോപചയസ്ഥിതേ സഹിത-
ദ്വീര്യോൽക്കടാജായതേ

പാപാപാതിപി ലോകന(ാ) ഭൃദയയോ-
ല്ലം . . . ഉജ്ജ്വലേ
വീര്യേ ദൃക്ക്സ്യദയോൽഭവേച സഹിതേ
ലഗ്നേസ്ഥിതം ഉജ്ജ്വലം.

ലഗ്നബലം. . . ടി. പിറപ്പ്മെണ്ണേണ്ടുംപ്രകാരം പറ...... (യ്ന്നു ?)
ആദിത്യാൽ ഗ്രഹമെ......നാളെണ്ണുകസുമയത്തിന്ന്
പ്രിയഃസ്സൌമ്യാലയഃ പൂജ്യാധനിമാന്യഃ ശശാങ്കതഃ (?)

ഇത്രഭാഗങ്ങൾ ചന്ദ്രാദ്യാസ് സൂര്യനോടണവുള്ളനാൾ
ഗ്രഹസ്ഫുടം വരുത്തേണ മാദിത്യസ്ഫുടവും തഥാ-
മൂന്നാം സ്ഫുടത്ത വെച്ചിട്ട പാതം വാങ്ങുകജീവന
കുജന്നുമങ്ങിനെതന്നെ ശനിക്കും കണ്ടുകൊള്ളുക.

ബുധഭാർഗ്ഗവയോഃ പിന്നെ സചമന്ദവ്യസ്സ സംസ്കൃതേ
ശീഘ്രേ ദ്ധേച്ചവാങ്ങണം പാതം പറഞ്ഞീടാ മതുംക്രമാൽ
നായകോനേത്ര നക്രൂരരാ ജ്ഞാനശ്രീന കലക്രമാൽ
ഭാഗാദ്യാഭൂമിജാദീനാം ചന്ദ്രപാതോ വിധുസ്സ്മൃദ !

End :

സ്വാഹോരാത്രാർദ്ധ വിക്ഷ്കംഭൈ ഫലം വന്നാലതിൽ പുന:
ചരവുംദ്വിഗുണശാൽചെയ്തു ചാപിച്ചിട്ടതിലങ്ങുടൻ
ചരം വ്യസ്തമതായിട്ട സംസ്കരിച്ചാൽ വരുന്നതു
ഉ (. .) താസുക്കളായിട്ടും അതിനെത്തന്ദനാഹരേൽ
വിനാഡികവരുന്തത്രാ വ്യുക്ഷക്ഷ്യാകരേ ഹ്രിയാൽ
നാഡികാവരുമന്നേര മിഷ്ടകാലമതായതു്.

Colophon :

ഇതു വിചരിത ഛായ ഗണിപ്പാൻ.

വി.വി.—ഗ്രഹങ്ങളെ ഗണിച്ചു കണ്ടുപിടിക്കുവാനുള്ള മാർഗ്ഗങ്ങളാണ് ഇതിലുള്ളതു്. ഈ ഗ്രന്ഥം അപൂർണ്ണമാണ്. ഇതിന്റെ രചയിതാവു ആരെന്നറിയുന്നില്ല. അക്ഷര വീഴ്ചകൾ ചില സ്ഥലങ്ങളിൽ കാണുന്നുണ്ടു്.